JAGRATHA 083

Vol-3, N0:9
12-02- 2009

*Kerala Catholic Bishops' Council's*

***Commission for Social Harmony and Vigilance***

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only)

# ജാഗ്രത

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാന വാർത്തകൾ

01. ക്രൂശിതരൂപത്തെ അപമാനിച്ച സിപിഎം മാപ്പുപറയണം : ആർച്ച്ബിഷപ് മാർ വലിയമറ്റം
02. സി.പി.എം ക്രൈസ്തവ സമൂഹത്തെ അവഹേളിക്കുന്നു : കെ.സി.ബി.സി ജാഗ്രതാ കമ്മീഷൻ
03. മൗലികാവകാശങ്ങൾ നിഷേധിക്കുന്ന സംഘടനകളെ നിരോധിക്കണം : ജാഗ്രതാ കമ്മീഷൻ
04. വിവാദ പാഠപുസ്തകത്തിൽ മാറ്റമില്ലെങ്കിൽ പ്രതികരിക്കും : കെ.സി.ബി.സി
05. സാമൂഹ്യ പ്രതിബദ്ധത ക്രൈസ്തവ സഭയുടെ മുഖമുദ്ര : മാർ പവ്വത്തിൽ
06. കുട്ടികൾ ഉത്തമ മൂല്യബോധമുള്ള പൗരന്മാരാകണം : ഡോ.സ്റ്റാൻലി റോമൻ
07. രാഷ്ട്രീയക്കാരുടെ ചട്ടുകമായി തൊഴിലാളിപ്രസ്ഥാനങ്ങൾ മാറരുത് : മാർ താഴത്ത്
08. ദൈവാനുഭവത്തിൽ വളർന്ന് പ്രലോഭനത്തെ അതിജീവിക്കണം : ഡോ. സൂസപാക്യം
09. വിശ്വാസം ക്ലാസ് മുറികളിൽ ഒതുങ്ങരുത് : ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ

### 01. ക്രൂശിതരൂപത്തെ അപമാനിച്ച സിപിഎം മാപ്പുപറയണം: ആർച്ച്ബിഷപ് മാർ വലിയമറ്റം (06-02-2009)

നവകേരള മാർച്ചിന്റെ ഭാഗമായി അവതരിപ്പിച്ച നാടകത്തിൽ ക്രൂശിതരൂപത്തെ അപമാനിച്ച സിപിഎം ക്രൈസ്തവസമൂഹത്തോട് മാപ്പു പറയണമെന്ന് തലശേരി ആർച്ച്ബിഷപ് മാർ ജോർജ് വലിയമറ്റം ആവശ്യപ്പെട്ടു. തളിപ്പറമ്പിലും തലശേരിയിലും നവകേരളയാത്രയ്ക്ക് നൽകിയ സ്വീകരണങ്ങൾക്കൊടുവിൽ അവതരിപ്പിച്ച 'ക്ലാരക്കുഞ്ഞമ്മ ഓർക്കുന്നു' എന്ന ലഘുനാടകത്തിന്റെ പശ്ചാത്തലമായി ക്രൈസ്തവർ ഏറ്റവും പൂജ്യമായി വണങ്ങുന്ന ക്രൂശിതരൂപത്തിന്റെ കൈയിൽ ചെങ്കൊടി തൂക്കുകവഴി ക്രൈസ്തവസമൂഹത്തേയും വിശ്വാസത്തേയും പരസ്യമായി അവഹേളിച്ചിരിക്കുകയാണ്. നവകേരളമാർച്ചിലുടനീളം ന്യൂനപക്ഷ സമുദായങ്ങളുടെ നിറഞ്ഞ സാന്നിധ്യമുണ്ടായിരുന്നെന്ന് വീമ്പിളക്കിയ പാർട്ടിയുടെ യഥാർത്ഥ ന്യൂനപക്ഷസ്നേഹം ഈ പ്രവൃത്തിയിലൂടെ പുറത്തുവന്നിരിക്കുകയാണ്. മതചിന്തകളേയും മതചിഹ്നങ്ങളേയും പൂർണമായും നിരാകരിച്ച് നിരീശ്വരവാദത്തേയും ഭൗതികവാദത്തേയും പ്രോത്സാഹിപ്പിക്കുന്ന ഒരു പാർട്ടി ഏറ്റവും നിന്ദ്യമായ രീതിയിൽ ഒരു മതവിഭാഗത്തിന്റെ ഏറ്റവും പൂജ്യമായ മതചിഹ്നത്തെ ഈ രീതിയിൽ അവഹേളിക്കുന്നത് ക്രൈസ്തവവിശ്വാസത്തിനു നേർക്കുള്ള കടന്നാക്രമണമാണ്. മാധ്യമങ്ങളിൽ ജനശ്രദ്ധ നേടിയിരിക്കുന്ന ചില വാർത്തകളിൽനിന്നു സമൂഹത്തിന്റെ ശ്രദ്ധ തിരിച്ചുവിടാനായി നടത്തുന്ന വിലകുറഞ്ഞ നീക്കമായി കരുതി ഇതിനെ അവഗണിക്കാൻ പ്രബുദ്ധരായ ക്രൈസ്തവസമൂഹത്തിന് സാധിക്കില്ല. ന്യൂനപക്ഷങ്ങളുടെ സംരക്ഷകരെന്ന് വീമ്പിളക്കുകയും അതേസമയം, മതവിശ്വാസത്തെ അവഹേളിക്കാൻ സഭ്യതയുടെ ഏത് അതിർവരമ്പുകൾപോലും ലംഘിക്കുകയും ചെയ്യുന്ന പ്രസ്ഥാനങ്ങളെ തിരിച്ചറിഞ്ഞ് അവയെ ഒറ്റപ്പെടുത്തണം: ആർച്ച്ബിഷപ് പറഞ്ഞു. ക്രൂരവും നിന്ദ്യവുമായ ഈ അവഹേളനത്തിനെതിരെ ഇടവക-ഫൊറോനാതലങ്ങളിൽ ജാഗ്രതാസമിതികളുടെ നേതൃത്വത്തിൽ പ്രതിഷേധപരിപാടികൾ സംഘടിപ്പിക്കണമെന്ന് ആർച്ച്ബിഷപ് ആഹ്വാനം ചെയ്തു. ഈ നിന്ദ്യമായ നടപടിക്കെതിരെ ഉയരുന്ന ക്രൈസ്തവസമൂഹത്തിന്റെ വേദനയും ഉത്കണ്ഠയും തിരിച്ചറിഞ്ഞ് ഇത്തരം കുൽസിത നീക്കങ്ങളിൽനിന്നും പിന്തിരിഞ്ഞില്ലെങ്കിൽ ശക്തമായ പ്രതിഷേധപരിപാടികളെ നേരിടേണ്ടിവരും: ആർച്ച്ബിഷപ് മുന്നറിയിപ്പു നൽകി.

### 02. സി.പി.എം ക്രൈസ്തവ സമൂഹത്തെ അവഹേളിക്കുന്നു: കെ.സി.ബി.സി ജാഗ്രതാ കമ്മീഷൻ (06-02-2009)

നവകേരള മാർച്ചിന്റെ ഭാഗമായി തളിപ്പറമ്പിലും തലശേരിയിലും സി.പി.എം നടത്തിയ നാടകം ക്രൈസ്തവ സമൂഹത്തെ അവഹേളിച്ചുവെന്ന് കെ.സി.ബി.സി ജാഗ്രതാ കമ്മീഷൻ. ഈ സംഭവത്തിൽ കമ്മീഷൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ക്രൈസ്തവ സമൂഹം പരിപാവനമായി കരുതുന്ന ക്രൂശിത രൂപത്തിന്റെ കയ്യിൽ ചെങ്കൊടി തൂക്കുകവഴി ക്രൈസ്തവ വിശ്വാസത്തെ പരസ്യമായി സി. പി.എം അവഹേളിക്കുകയാണ് ചെയ്തത്. മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന പ്രവണതകളിൽ നിന്നും രാഷ്ട്രീയ പാർട്ടികൾ പിന്മാറണമെന്ന് കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ ആവശ്യപ്പെട്ടു.

### 03. മൗലികാവകാശങ്ങൾ നിഷേധിക്കുന്ന സംഘടനകളെ നിരോധിക്കണം: കെ.സി.ബി.സി. ജാഗ്രതാ കമ്മീഷൻ (07-02-2009)

ജനാധിപത്യരാജ്യത്ത് മനുഷ്യന്റെ മൗലികാവകാശങ്ങൾ നിഷേധിക്കുകയും നിയമത്തെ കൈയിലെടുക്കുകയും ചെയ്യുന്ന രാമസേന പോലുള്ള സംഘടനകളെ നിരോധിക്കണമെന്ന് കെ.സി.ബി.സി. ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ അഭിപ്രായപ്പെട്ടു. മംഗലാപുരത്ത് രാമസേന പ്രവർത്തകർ സി.എച്ച് കുഞ്ഞമ്പു എം.എൽഎ.യുടെ മകളെ തട്ടിക്കൊണ്ടുപോയതും അവരുടെ സഹപാഠിയുടെ സഹോദരനോട് സംസാരിച്ചതിന് അയാളെ ക്രൂരമായി മർദ്ദിച്ചതും വാലന്റൈൻ ദിനത്തിൽ ബലമായി വിവാഹം നടത്തുമെന്ന പ്രഖ്യാപനവുമൊക്കെ മനുഷ്യന്റെ മൗലികാവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണ്. ഇത്തരം ഹീനപ്രവർത്തി നടത്തുന്നവരെ സാമൂഹ്യവിരുദ്ധരായും ജനാധിപത്യ വിരോധികളായും മാത്രമേ കാണുവാൻ സാധിക്കുകയുള്ളൂ. രാമസേനപ്രവർത്തകരെ നിയന്ത്രിച്ചില്ലായെങ്കിൽ വഴിയിലൂടെ നടന്നുപോകുന്ന സഹോദരീ സഹോദരന്മാരെ പോലും അവർ ബലമായി വിവാഹം നടത്തുവാൻ സാധ്യതയുണ്ട്. മാത്രമല്ല ഇത്തരം ഹീനപ്രവർത്തനങ്ങൾ അയൽസംസ്ഥാനങ്ങളിലേക്കും വ്യാപിക്കാൻ കാരണമാകും. ദേശീയ മനുഷ്യാവകാശ കമ്മീഷനും കേന്ദ്രമന്ത്രിസഭയും ഇടപെട്ടിട്ടുപോലും രാമസേനപ്രവർത്തകരെ നിയന്ത്രിക്കുവാൻ എന്തുകൊണ്ടാണ് കർണാടക സർക്കാരിനു സാധിക്കാത്തത്? ആയതിനാൽ മനുഷ്യന്റെ മൗലികാവകാശങ്ങളിൽ കടന്നുകയറ്റം നടത്തുന്ന ജനാധിപത്യ വിരുദ്ധരെ നിരുത്സാഹപ്പെടുത്തുവാൻ സാമൂഹ്യ- സാംസ്കാരിക നേതാക്കൾ മുന്നോട്ട് വരണമെന്ന് കമ്മീഷൻ സെക്രട്ടറി ആഹ്വാനം ചെയ്തു.

വ്യാഴാഴ്ച കോഴിക്കോടിനു സമീപം എരഞ്ഞിപ്പാലത്ത് വെളിച്ചവും വായുവും കടക്കാത്ത കണ്ടെയ്നർ ലോറിയിൽ കൈകുഞ്ഞുങ്ങളും അമ്മമാരുമടക്കം 40 തൊഴിലാളികളെ അവശനിലയിൽ നാട്ടുകാർ കണ്ടെത്തിയത് മനുഷ്യമനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്നതും മനുഷ്യാവകാശലംഘനവുമാണ്. സാമൂഹ്യനീതിക്കും സമത്വത്തിനും വിലകല്പിക്കുന്ന നമ്മുടെ സമൂഹത്തിൽ മനുഷ്യജീവന് യാതൊരു വിലയും കല്പിക്കാത്ത സംഭവമാണ് നടന്നത്. കണ്ടെയ്നർ ലോറിയിൽ മനുഷ്യക്കടത്ത് നടത്തിയതിനു പിന്നിൽ പ്രവർത്തിച്ചവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരണം. മാത്രമല്ല ഭരണാധികാരികൾ മനുഷ്യാവകാശ ലംഘനത്തിനെതിരേ കർശന നിലപാട് സ്വീകരിക്കണം - കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടു.

### 04. വിവാദ പാഠപുസ്തകത്തിൽ മാറ്റമില്ലെങ്കിൽ പ്രതികരിക്കും: കെ.സി.ബി.സി (29-01-2009)

ഏഴാംക്ലാസിലെ വിവാദ പാഠപുസ്തകത്തിൽ അടുത്ത അധ്യയനവർഷം മാറ്റം വരുത്തിയില്ലെങ്കിൽ ഇടതുപക്ഷസർക്കാരിനെതിരേ ശക്തമായ പ്രതിഷേധ പരിപാടികൾ ആരംഭിക്കാൻ കേരള കത്തോലിക്കാ മെത്രാൻ സമിതി തീരുമാനിച്ചു. ഏഴാംക്ലാസിലെ പാഠപുസ്തകം വിവാദമായപ്പോൾ സർക്കാർ വിദഗ്ധസമിതിയെ നിയോഗിക്കുകയും വിശദമായ പഠനങ്ങൾക്കുശേഷം വിവാദപാഠങ്ങൾ നീക്കണമെന്നും ഉള്ളടക്കത്തിലെ ഗുണമേന്മ ഉറപ്പുവരുത്തി പുസ്തകം പൂർണമായും പരിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്തിരുന്നു. എന്നാൽ, ഏഴാംക്ലാസിലെ വിവാദ പാഠപുസ്തകം അതേപടി നിലനിറുത്താൻ തന്നെയാണ് സർക്കാരിന്റെ ശ്രമമെന്ന് ഏറ്റവും ഒടുവിൽ ചേർന്ന കരിക്കുലം കമ്മിറ്റിയുടെ തീരുമാനം വ്യക്തമാക്കുന്നു.

വളർന്നുവരുന്ന തലമുറയെ നിരീശ്വര വാദികളും പ്രത്യയശാസ്ത്രത്തിന് അടിമകളുമാക്കുന്ന പാഠപുസ്തകം പൂർണമായും പരിഷ്കരിച്ചില്ലായെങ്കിൽ പാഠപുസ്തക പ്രശ്നത്തിൽ സാമുദായിക രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി സഹകരിച്ച് സർക്കാരിനെതിരേയുള്ള പ്രതിഷേധ പരിപാടികൾക്ക് നേതൃത്വം നൽകാനും കേരള കത്തോലിക്കാ മെത്രാൻ സമിതി തയാറാകുമെന്നു കെ.സി.ബി.സി പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ, വൈസ് പ്രസിഡന്റ് ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജനറൽ സെക്രട്ടറി ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്ത പ്രസ്താവനയിൽ പ്രഖ്യാപിച്ചു.

## 05. സാമൂഹ്യ പ്രതിബദ്ധത ക്രൈസ്തവ സഭയുടെ മുഖമുദ്ര: മാർ പവ്വത്തിൽ (5-2-2009)

സാമൂഹ്യപ്രതിബദ്ധതയാണ് എന്നും ക്രൈസ്തവസഭയുടെ മുഖമുദ്രയെന്നും അതിനെ ചോദ്യം ചെയ്യുന്ന ഗൂഢലക്ഷ്യങ്ങളെ കേരള സമൂഹം തള്ളിക്കളഞ്ഞുവെന്നും ഇന്റർ ചർച്ച കൗൺസിൽ ചെയർമാൻ മാർ ജോസഫ് പവ്വത്തിൽ അഭിപ്രായപ്പെട്ടു. കെ.സി.എസ്.എൽ ചങ്ങനാശേരി അതിരൂപതാ വാർഷിക സമ്മേളനം സെന്റ് ജോസഫ്സ് ഗേൾസ് ഹയർ സെക്ക ൻഡറി സ്കൂളിൽ ഉദ്ഘാടനം ചെ യ്തു പ്രസംഗിക്കുകയായിരുന്നു മാർ പവ്വത്തിൽ. ബുദ്ധിമാന്ദ്യമുള്ളവർ, വികലാംഗർ, എയ്ഡ്സ് രോഗികൾ, മനോരോഗികൾ, അനാഥർ, വൃദ്ധർ തുടങ്ങിയവർക്കായി ഭാരതമൊട്ടാകെ സഭ നടത്തുന്ന ആതുരശുശ്രൂഷകൾ ഏവരുടെയും ആദരവും പിടിച്ചുപറ്റിയതാണ്. സഭയെ തകർക്കാൻ ആഗ്രഹിക്കുന്ന പ്രത്യയശാസ്ത്ര ശക്തികൾ സഭയ്ക്കെതിരെ ബോധപൂർവം വിമർശനങ്ങൾ അഴിച്ചു വിടുന്ന ഗൂഢതന്ത്രങ്ങൾ തിരിച്ചറിയണമെന്ന് മാർ പവ്വത്തിൽ ഓർമ്മിപ്പിച്ചു.

## 06. കുട്ടികൾ ഉത്തമ മൂല്യബോധമുള്ള പൗരന്മാരാകണം: ഡോ.സ്റ്റാൻലി റോമൻ (31-1-2009)

രാജ്യത്തിന്റെ സർവതോന്മുഖമായ വികസനത്തിനും പുരോഗതിക്കും വിദ്യാഭ്യാസം അനിവാര്യമാണെന്നും വിദ്യാഭ്യാസത്തിലൂടെ കുട്ടികൾ ഉത്തമ മൂല്യബോധമുള്ള പൗരന്മാരാകണമെന്നും ബിഷപ് ഡോ.സ്റ്റാൻലി റോമൻ.തിരുമുല്ലവാരം സെന്റ് ജോൺ യു.പി സ്കൂളിന്റെ 99-ാമത് വാർഷികവും ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനവും സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്.അധ്യാപകരുടെ നിസ്വാർഥവും ആത്മാർഥവുമായ സേവനം ഉണ്ടെങ്കിൽ മാത്രമേ നല്ല ശിക്ഷണത്തോടു കൂടിയ പുതിയ തലമുറയെ വാർത്തെടുക്കാൻ കഴിയൂ. കൂടുതൽ വികസിതമായ ഭാരതം കെട്ടിപ്പടുക്കുന്നിൽ കുട്ടികൾ പങ്കാളികളാകണമെന്നും ബിഷപ് പറഞ്ഞു.

## 07. രാഷ്ട്രീയക്കാരുടെചട്ടുകമായി തൊഴിലാളിപ്രസ്ഥാനങ്ങൾ മാറരുത്: മാർ താഴത്ത് (9-2-2009)

രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ ചട്ടുകങ്ങളായി തൊഴിലാളിപ്രസ്ഥാനങ്ങൾ മാറരുതെന്നു കെ.സി.ബി.സി ജനറൽ സെക്രട്ടറിയും തൃശൂർ അതിരൂപത മെത്രാപ്പോലീത്തയുമായ മാർ ആൻഡ്രൂസ് താഴത്ത്. മൂല്യബോധത്തോടെ സ്വതന്ത്രമായി പ്രവർത്തിക്കാൻ തൊഴിലാളികൾക്കാകണമെന്നും അദ്ദേഹം പറഞ്ഞു. സെന്റ്തോമസ് കോളജ് മെഡ്ലിക്കോട്ട് ഹാളിൽ കേരള ലേബർമൂവ്മെന്റ് സംസ്ഥാന കൺവൻഷനും കാത്തലിക് ലേബർ അസോസിയേഷന്റെ സുവർണജൂബിലി ആഘോഷവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.ഒരു പ്രസ്ഥാനത്തിൽ തളച്ചിട്ടാൽ അവൻ തൊഴിലാളിയാകില്ല. അങ്ങിനെ വന്നാൽ സമൂഹത്തിൽ പ്രതിബദ്ധതയോടെ പ്രവർത്തിക്കാൻ അവർക്ക് ആകാതെ വരും. സ്വതന്ത്രമായും നിഷ്പക്ഷമായും തൊഴിലാളികൾക്കായി വർത്തിക്കുന്ന ഇത്തരം പ്രസ്ഥാനങ്ങൾക്ക് വേണ്ട സഹായങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നും ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു. കത്തോലിക്ക സഭയടക്കമുള്ള സ്ഥാപനങ്ങൾ ചെയ്യുന്ന നന്മകളെ ഉൾക്കൊള്ളുന്ന പോസിറ്റീവ് സമീപനം, കേരളം സ്വീകരിക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞതായി ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ പൊതുമരാമത്ത് മന്ത്രി മോൻസ് ജോസഫ് പറഞ്ഞു. പ്രശ്നപരിഹാരത്തിന് ആത്മാർഥമായ സമീപനമാണുണ്ടാകേണ്ടത്. ചടങ്ങിൽ കെ.സി.ബി.സി ലേബർ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ജോസ് പൊരുന്നേടം അധ്യക്ഷനായിരുന്നു.

## 08. ദൈവാനുഭവത്തിൽ വളർന്ന് പ്രലോഭനത്തെ അതിജീവിക്കണം: ഡോ. സൂസപാക്യം (5-2-2009)

ദൈവാനുഭവത്തിന്റെ മാധുര്യം നുകർന്ന് പിശാചിന്റെ പ്രലോഭനങ്ങളെ അതിജീവിക്കണമെന്ന് തിരുവനന്തപുരം അതിരൂപതാ ആർച്ച്ബിഷപ് ഡോ. എം. സൂസപാക്യം ഉദ്ബോധിപ്പിച്ചു. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ആരംഭിച്ച നാലാമത് അനന്തപുരി കാത്തലിക് ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദൈവാനുഭവത്തിലേക്ക് കടന്നുവരുന്നവർക്ക് മാത്രമേ പിശാചിന്റെ പ്രലോഭനങ്ങളെ നേരിടാനുള്ള ശക്തി ലഭിക്കുകയുള്ളൂ. മാമ്മൂദീസയും, സ്ഥൈര്യലേപനവും സ്വീകരിച്ചു കൊണ്ട് ക്രിസ്തു ശിഷ്യൻമാരായ നമ്മൾ ചെയ്ത വാഗ്ദാനം പാലിക്കേണ്ട സമയമാണിത്. വിശ്വാസവും പ്രാർഥനയും ഉപവാസവും ആയുധമായി ഉപയോഗിച്ച് പിശാചിന്റെ പ്രലോഭനങ്ങളെ നേരിടാൻ സാധിക്കുമെന്ന് ആർച്ച്ബിഷപ് വ്യക്തമാക്കി. ദൈവരാജ്യം സ്ഥാപിക്കാനാണ് യേശു ലോകത്തിലേക്ക് കടന്നുവന്നത്. സുവിശേഷം പ്രസംഗിച്ചും, പിശാചുക്കളെ ബഹിഷ്കരിച്ചും രോഗികളെ സുഖപ്പെടുത്തിയും യേശു ലോകത്തെ നന്മയിലേക്ക് നയിച്ചു കൊണ്ട് കടന്നു വന്നു. യേശുവിന്റെ ശിഷ്യൻമാരായ നമ്മളും ഈ ദൗത്യം ഏറ്റെടുത്ത് പാലിക്കാൻ കടപ്പെട്ടരാണ്. നിങ്ങൾ ലോകത്തിലേക്ക് പോകുവിൻ. സ്വർഗരാജ്യം സമീപിച്ചിരിക്കുന്നതായി അറിയിക്കുവിൻ. രോഗികളെ സുഖപ്പെടുത്തുകയും പിശാചുക്കളെ സുഖപ്പെടുത്തുകയും ചെയ്യുവിനെന്നാണ് ക്രിസ്തു അരുളിചെയ്തത്-ആർച്ച്ബിഷപ് അറിയിച്ചു. നമ്മുടെ നാട് മദ്യത്തിന്റെ പ്രലോഭനത്തിലേക്ക് ആഴ്ന്നു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഡിസംബറിൽ അമ്പത്കോടിയുടെ മദ്യമാണ് കേരളം കുടിച്ചത്. കഴിഞ്ഞ വർഷത്തെക്കാൾ പത്ത് കോടി രൂപയുടെ കൂടുതലാണിത്. ഇതിൽ ഒരു കോടി രൂപയുണ്ടായിരുന്നുവെങ്കിൽ അമ്പത് വീട് വച്ച് പാവപ്പെട്ടവർക്ക് നൽകാമായിരുന്നു. 3500 കോടി രൂപയുടെ അരിയാണ് ഒരു വർഷം നമ്മൾ ഭക്ഷിക്കുന്നത്. എന്നാൽ ഒരു വർഷം പതിനായിരം കോടിയുടെ മദ്യമാണ് മലയാളി കുടിക്കുന്നത്. കോടികളുടെ വരുമാനം കാണുമ്പോൾ സർക്കാരിന് സന്തോഷമാണ്. എന്നാൽ ഇതിനു പിന്നിലുള്ള മദ്യദുരന്തത്തെ കുറിച്ച് നമ്മളും സർക്കാരും ചിന്തിക്കുന്നില്ല. മദ്യത്തിലൂടെ ലഭിക്കുന്ന വരുമാനത്തിൽ മാറിമാറി വരുന്ന സർക്കാരുകൾ സന്തോഷിക്കുകയാണ്. നമ്മൾ നശിച്ചാലും ഖജനാവും പാർട്ടിയും രക്ഷപ്പെടണമെന്നാണ് സർക്കാരിന്റെ നിലപാടെന്ന് ഡോ.സൂസപാക്യം കുറ്റപ്പെടുത്തി. അഞ്ച് പേരെയെങ്കിലും മദ്യത്തിൽ നിന്നും മോചിപ്പിക്കാൻ കഴിഞ്ഞാൽ ക്രിസ്തുവിനു നൽകിയ വാഗ്ദാനം പാലിക്കാൻ ക്രൈസ്തവരായ നമ്മൾക്ക് സാധിക്കും. മനുഷ്യനെ തിന്മയിലേക്ക് നയിക്കുന്ന പിശാച് ഉപയോഗിക്കുന്ന തന്ത്രമാണ് മദ്യമെന്ന് അദ്ദേഹം പറഞ്ഞു. വിശ്വാസമില്ലാത്തവരുടെ തലമുറയാണ് ഇപ്പോൾ വളർന്നുവരുന്നത്. പിശാചിന്റെ തന്ത്രം തിരിച്ചറിയാൻ മനുഷ്യന് സാധിക്കണം. സാത്താന്റെ പ്രലോഭനങ്ങളിൽ ജാഗ്രത പാലിക്കണമെന്നും ആർച്ച്ബിഷപ് ചൂണ്ടികാട്ടി. നന്മയിൽ ഉറച്ചുനിൽക്കാനും സാത്താനെ ബഹിഷ്കരിക്കാനും വിശ്വാസികളായ നമ്മൾക്ക് കഴിയണം. പ്രാർഥനയും ഉപവാസവും വിശ്വാസവും കൊണ്ട് ഇത് സാധിക്കും. ദൈവീകശക്തി നേടി മാത്രമേ പിശാചിന്റെ പ്രലോഭനങ്ങളെ അതിജീവിക്കാൻ നമ്മൾക്ക് സാധിക്കൂവെന്നും ആർച്ച്ബിഷപ് കൂട്ടിച്ചേർത്തു.

## 09. വിശ്വാസം ക്ലാസ് മുറികളിൽ ഒതുങ്ങരുത്: ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ (9-2-2009)

വിശ്വാസം ക്ലാസ്മുറികളിൽ ഒതുങ്ങി നിൽക്കാതെ അനുദിന ജീവിതത്തിൽ പകർത്തണമെന്ന് വരാപ്പുഴ ആർച്ച്ബിഷപ് ഡോ.ഡാനിയേൽ അച്ചാരുപറമ്പിൽ. വരാപ്പുഴ അതിരൂപത തിരുബാലസഖ്യമഹാസംഗമം എറണാകുളം പാപ്പാളി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നന്മകൾ ചെയ്ത് മുന്നേറാനാവണമെന്നും സ്വഭാവ രൂപീകരണത്തിന് പ്രാധാന്യം നൽകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സമൂഹത്തിൽ നിന്നും അവഗണിക്കപ്പെടുന്നവരെ പ്രത്യേകം സംരക്ഷിക്കുന്നവരായി മാറാൻ കുട്ടികൾക്കാവണമെന്നും അദ്ദേഹം ഓർമിപ്പിച്ചു. സംഗമത്തോടനുബന്ധിച്ച് എറണാകുളം ഉണ്ണിമിശിഹാപള്ളി അങ്കണത്തിൽ നിന്നു വർണാഭമായ റാലി നടത്തി. 9000-ഓളം കുട്ടികൾ റാലിയിൽ പങ്കെടുത്തു. വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ.ജോസഫ് കാരിക്കശേരി പതാക കൈമാറി.